(ബി) ഇതു സംബന്ധിച്ച പരിശോധനയ്ക്കായി സർക്കാർ ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ചില വകുപ്പുകളിലെ ചില ഒഴിവുകളിൽ ഉദ്യോഗാർത്ഥികളുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച പരിശോധനയ്ക്കായി 12-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 172/15/പൊ.ഭ.വ. പ്രകാരം ശ്രീ. വി. ജെ. കര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) ചെയർമാനായും, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി വിവിധ വകുപ്പ് മേധാവികളുമായും പബ്ലിക് സർവ്വീസ് കമ്മീഷനുമായും ചർച്ച നടത്തി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) റിപ്പോർട്ട് നൽകിയിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക തിരിച്ചടവ്

325(2794) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലെയും വായ്പാ കുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർ സർക്കാർ വകപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ള 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25000 രൂപയിൽ താഴെയുള്ള വായ്പാ കടിശ്ശിക 12-1-2009-ലെ സ.ഉ.(പി) നമ്പർ 100/09/പജപവവിവ പ്രകാരം എഴുതിത്തള്ളുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ പ്രസ്തുത ഉത്തരവിന്റെ കാലാവധി പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 16-2-2011-ലെ സ.ഉ.(സാധാ) 218/2011/ പജപവവിവ പ്രകാരം പട്ടികജാതി വികസന വകപ്പിൽ നിന്നും വിവിധ ഘട്ടങ്ങളിലായി പലിശരഹിത ഭവനനിർമ്മാണ വായ്പ പലിശരഹിത വ്യവസായ വായ്പ, ഹയർ പർച്ചേസ് വായ്പ എന്നീയിനങ്ങളിൽ വായ്പയെടുത്ത് കടിശ്ശികയായിട്ടുള്ള 687 ഗുണഭോക്താക്കളുടെ വായ്പാ കടിശ്ശിക എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. 10-12-2013-ലെ സ.ഉ.(പി) നമ്പർ 399/2013/ പജപവവിവ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.

കൈത്തറി ആന്റ് ടെക്സ്റ്റൈൽസിൽ നിന്ന് വായ്പയെടുത്ത കടിശ്ശികയായ 21 പട്ടികജാതി ഗുണഭോക്താക്കളുടെ വായ്പാ കടിശ്ശിക 28-3-2012-ലെ സ.ഉ.(സാധാ) 562/2012/പജപവവിവ. പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തശേഷം മരണപ്പെട്ട ഗുണഭോക്താക്കളുടെ അനന്തരാവകാശികൾ നിർദ്ധനരാണെങ്കിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും 25000 രൂപ മുതലും ഒഴിവാക്കി വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി 31-3-2012-ലെ സ.ഉ.(കൈ) 54/12/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ വാഹനവായ്പ പദ്ധതി, അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (ARHS), ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്കർ

ഭവനനിർമ്മാണ പദ്ധതി (IGLHS), പുതിയ അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (NHRHS) എന്നിവ പ്രകാരം കടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66 ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) സ.ഉ.(സാധാ) നമ്പർ 74/14/പജപവവിവ തീയതി 16-10-2014 പ്രകാരം എഴുതിത്തള്ളി സർക്കാർ ഉത്തരവാകുകയും ടി തുക സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പജപവവിവ. പ്രകാരം സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകൽ

326(2795) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കാൻ വകുപ്പ് ഏതെങ്കിലും ഫീസിളവോ ധനസഹായമോ അനുവദിക്കുന്നുണ്ടോ;

(സി) സ്വന്തമായി വീടോ ഭൂമിയോ ഇവ രണ്ടും തന്നെയോ ഇല്ലാത്തവർക്ക് വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ, ആയതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly